# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമാട്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(11) 223/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/03/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമാട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD(11) 223/23 തീയ്യതി: 14/03/2023

## പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 07-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത.യു., ഓഡിറ്റ് ഓഫീസർ
ശ്രീ പത്മകുമാർ സി.എൽ., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രമാദേവി കെ.ആർ., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ ഗോകുൽ സി.എം., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി റിഷ പ്രേംകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി കാഞ്ചന. കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രീതി മേനോൻ സി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ സുമേഷ്.എം | വി.ഇ.ഒ 1 | 01-04-2021 | 31-03-2022 |
| ശ്രീമതി സോണിയ.എ | വി.ഇ.ഒ-2 | 01-04-2021 | 31-03-2022 |
| ശ്രീമതി ഷാജ്ജന്നീസ.എ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി രമാദേവി. ആർ | അസി.എൻജിനീയർ | 01-04-2021 | 31-03-2022 |
| ഡോ. രാജാ ഹരിപ്രസാദ്.എ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.റിയാസ്.ബി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി ലിബി | കൃഷി ഓഫീസർ | 01-04-2021 | 25-10-2021 |
| ശ്രീമതി ശ്രീതു. പി. പ്രേമൻ | കൃഷി ഓഫീസർ | 26-10-2021 | 31-03-2022 |
| ശ്രീമതി നിർമ്മല.എം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രിയങ്ക യു.ബി | ഡയറി ഏക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ബിനോയ് സി. ബാബു | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ രാമനാരായണൻ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ | 1-2-1 |
| 4 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ 11,24,694/-രൂപ ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ് | 1-2-3 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | കാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | ആംബുലൻസ് വാടക - കണക്കുകൾ കൃത്യമല്ല-തുടർനടപടികൾ ആവശ്യപ്പെടുന്നു | 1-11 |
| 14 | വെറ്ററിനറി സർജ്ജന് അനുവദിച്ച രസീതി പുസ്തകം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-12 |
| 15 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-13 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം | 1-14 |
| 17 | സി എസ് എൽ ടി സിയ്ക്കായി തുക നല്കിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-15 |
| 18 | NREGS ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -കമ്പ്യൂട്ടർ ലഭ്യമായില്ല. | 1-16 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ എജൻസികൾക്ക് നല്കിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 20 | പാലിന് സബ്സിഡി പ്രൊജക്ട് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു | 1-18 |
| 21 | അങ്കണവാടി പോഷകാഹാരം പദ്ധതി-സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല. | 1-19 |
| 22 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-20 |

| | | |
|---|---|---|
| 23 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-21 |
| 24 | ടാർ ബാരലുകളുടെ 18%GST പിടിച്ച് കേന്ദ്ര -സംസ്ഥാന ഫണ്ടുകളിലേക്ക് അടവാക്കിയിട്ടില്ല | 1-22 |
| 25 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-23 |
| 26 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - സമയബന്ധിതമായി കരാറിൽ ഏർപ്പെടുന്നത്- പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 1-24 |
| 27 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം | 1-25 |
| 28 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ -വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്, സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 19-02-21 തീയതിയിലെ യോഗ തീരുമാനം നം. 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 11,555,882 |
| തൻവർഷം വരവ് | 438,505,000 |
| ആകെ വരവ് | 450,060,882 |
| ചെലവ് | 448,060,000 |
| നീക്കിയിരിപ്പ് | 2,000,882 |

ബജറ്റിൽ ഏകദേശം ₹45 കോടി വരവും ₹44കോടി ചെലവും വകയിരുത്തിയെങ്കിലും വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് 14 കോടിയോളവും ചെലവ് 10 കോടിയോളവും ആണ്. ബജറ്റ് റിവൈസ് ചെയ്തിട്ടില്ല. പുതുക്കിയ ബജറ്റ് തയ്യാറാക്കുമ്പോഴും അടുത്ത വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുമ്പോഴും തൻവർഷം നാളിതുവരെയുള്ള വരവ് ചെലവുകൾ പരിഗണിക്കുന്നില്ല. അതുകൊണ്ടുതന്നെ യഥാർത്ഥ വരവിന്റെ ഇരട്ടിയിലധികമാണ് ബജറ്റിൽ വരവിലും ചെലവിലും വകയിരുത്തുന്നത്. ബജറ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നതിനായി GO(Rt)No.3291/2016/LSGD/02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച മാന്വലിലെ നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 11-05-2022 | - | - |

### 1-2-1 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

2.ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

3. അഡ്വാൻസ് - ഫെസ്റ്റിവൽ അഡ്വാൻസ് - രജിസ്റ്റർ പ്രകാരം ക്രമീകരിക്കുവാനുള്ള തുകകൾ ഇല്ലെങ്കിലും

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-18 പ്രകാരം 10000/-രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

4. MGNREGS – ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ ഭരണപരമായ വരവ് ചെലവുകൾ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

I&E പത്രിക I-6, I-14(a) എന്നിവയിലെ തുകകൾ തുല്യമല്ല.

5. സർക്കുലർ നം.58725/ എഫ്.എം3/2008/ത.സ്വ.ഭ.വ 26.05.2011 പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ അഭികാമ്യമല്ല എന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ട്, കാനറാ ബാങ്ക് (E-payment) എന്നിവക്ക് പുറമെ സൗത്ത് ഇന്ത്യൻ ബാങ്ക് (A/c No -41390), പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്ക് (A/c No – 363) എന്നിവിടങ്ങളിലും തനത് ഫണ്ടിന് അക്കൗണ്ട് നിലനിർത്തിയിട്ടുണ്ട്. ഇടപാടുകൾ അധികം ഇല്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതാണ്.

1-2-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ 11,24,694/-രൂപ ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്

സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകളുടെ അക്കൗണ്ടിംഗിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.07/2017 /ഫിൻ/തീയതി 23.01.2017 പ്രകാരം ഡി.പി.സി അംഗീകരിച്ച പ്രൊജക്ട് നടപ്പാക്കുന്ന മുഖ്യ സ്ഥാപനത്തിന് ട്രഷറിയിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് തുറക്കാവുന്നതാണെന്നും ഷെയർ നൽകുന്ന സ്ഥാപനങ്ങൾ സെപ്റ്റംബർ 30 നകം തുക ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. ഈ അക്കൗണ്ടിൽ നിന്നും പിന്നീട് ചെക്ക് മുഖേന തുക പിൻവലിക്കാവുന്നതാണ്. പ്രൊജക്ട് നടപ്പാക്കുന്ന സ്ഥാപനം ഫെബ്രുവരി അവസാനത്തെ ആഴ്ചയിൽ പുരോഗതി വിലയിരുത്തി, ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് കാണുന്ന തുക ഫെബ്രുവരി 28 നകം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും അക്കൗണ്ടിൽ സീറോ ബാലൻസ് ഉറപ്പാക്കേണ്ടതുമാണ്.

2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി കൈമാറിക്കിട്ടിയ തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | | പദ്ധതി |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ചിറ്റൂർ | 854562 - | 2018-19 | ഗ്യാസ് ക്രിമറ്റോറിയം |
| | 2528 | 2019-20 | പാലിയേറ്റീവ് കെയർ |
| | 95000 | 2019-20 | ലൈഫ് ഭവനം |
| ആകെ | 952090/- | | |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 172604 | 2019-20 | ലൈഫ് മിഷൻ- |

ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ 2018-19ൽ ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 854562/- രൂപ ഇതേവരെ വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.

മേൽ പട്ടിക പ്രകാരം ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 952090/-, ജില്ലാ പഞ്ചായത്ത് വിഹിതം

172604/- എന്നീ തുകകൾ (ആകെ 11,24,694/-രൂപ) വിനിയോഗിക്കാത്തപക്ഷം തിരിച്ചടക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.19/16.01.2023- മറുപടി ലഭ്യമാക്കിയിട്ടില്ല),

തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25663134 |
| വരവ് | 118146973 |
| ആകെ | 143810107 |
| ചെലവ് | 108837780 |
| നീക്കിയിരിപ്പ് | 34972327 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| *വികസനഫണ്ട് -ജനറൽ | 0 | 18792715 | 18792715 | 17725742 | 1066973 |
| **വികസനഫണ്ട് - എസ്.സി.പി | 0 | 11093890 | 11093890 | 9373511 | 1720379 |
| ***വികസനഫണ്ട് - ടി.എസ്.പി | 0 | 7861934 | 7861934 | 4147633 | 3714301 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 21944975 | 21944975 | 15588606 | 6356369 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 9699532 | 9699532 | 4741917 | 4958615 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഗ്രാന്റ്- ബാങ്ക് | 0 | 6360000 | 6360000 | 286681 | 6073319 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 14813132 | 14813132 | 3953631 | 10859501 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ്-ഗ്രാന്റ്- ബാങ്ക് | 0 | 4328054 | 4328054 | 3460400 | 867654 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 7466303 | 7466303 | 5744240 | 1722063 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ്, അൺടൈഡ് ഗ്രാന്റ് നീക്കിയിരുപ്പ് 6940973/- രൂപ (A/c No-SIB 41859 ) യിൽ നിലനിൽക്കുന്നു.

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 600805 | 1160538 | 1761343 | 1054005 | 707338 |
| സമ്പൂർണ്ണ ശുചിത്വ മിഷൻ ഗ്രാന്റ് | 1428000 | 0 | 1428000 | 727213 | 700787 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9537 | 840209 | 849746 | 849692 | 54 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 59416508 | 59416508 | 59416508 | 0 |
| ആകെ | 9537 | 60256717 | 60266254 | 60266200 | 54 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 100000 | 0 | 100000 | 100000 | 0 |
| ആശ്രയ-ചലഞ്ച് ഫണ്ട് | 0 | 1331300 | 1331300 | 1331300 | 0 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് (Performance Based Incentive) | 2374942 | 679213 | 3054155 | 3030400 | 23755 |

(*) ജി.ഒ പ്രൊജക്ടുകളായ ആയ അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുടെ Source Deductions ആയ 4921401/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവ് ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് Source Deduction തുകയായ 337333/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവ് ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല.
(***) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് Source Deduction തുകയായ 14666/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - TSP വരവ് ചെലവുകളിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിക്കേണ്ട ഗ്രാന്റ് വിനിയോഗപത്രിക, ACR എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റുകളുടെ വിനിയോഗം ഉൾപ്പെടുത്തിയിട്ടുള്ളത്.
ഗ്രാന്റ് വിനിയോഗപത്രിക പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.
1. വികസന ഫണ്ട് (ജനറൽ) – അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുടെ Source Deduction തുകയായ4921401/-രൂപ വികസന ഫണ്ട് - ജനറൽ വരവിൽ ഉൾപ്പെടുത്താതെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നീക്കിയിരുപ്പ് മൈനസാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 143478093 | 149 | 80746943 | - | 51 | 68 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 73% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്.
ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 56% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം
വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ | പദ്ധതികളുടെ | നടപ്പാക്കിയത് | ആകെ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|

| ഉദ്യോഗസ്ഥർ | എണ്ണം | | അടങ്കൽ തുക | തുക | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 20675785 | 14109593 | 68 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 3302000 | 1604000 | 49 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 1462046 | 915935 | 63 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 2800000 | 2800000 | 100 |
| വി.ഇ.ഒ -1 | 15 | 15 | 24752586 | 10758000 | 43 |
| വി.ഇ.ഒ -2 | 4 | 4 | 3859350 | 3558180 | 92 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 3 | 6048595 | 4905526 | 81 |
| സെക്രട്ടറി | 48 | 36 | 18564986 | 10519715 | 57 |
| അസി.സെക്രട്ടറി | 6 | 5 | 3859350 | 3558180 | 92 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 96 | 62 | 54422395 | 26850711 | 49 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1401200 | 1401200 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 185116 | 185116 | 100 |
| ഹെഡ്മാസ്റ്റർ | 2 | 2 | 946434 | 841870 | 90 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 3 | 2289000 | 394831 | 17 |
| ആകെ | 200 | 149 | 143478093 | 80746943 | 51 |

നിർവ്വഹണോദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹിച്ചിട്ടുള്ള ചെലവ് 20%ത്തിൽ താഴെ മാത്രമാണ്.

സുഭിക്ഷ കേരളം - ഭക്ഷ്യോല്പ്പാദന വർദ്ധനവിനുള്ള ആസൂത്രണ സാമ്പത്തിക വകുപ്പിന്റെ മാർഗ്ഗരേഖ (കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം, മത്സ്യബന്ധനം)- സ.ഉ (കൈ)നം. 14/2020/ആ.സാ.വ തീയതി 18.05.2020, സ.ഉ(സാധാ) നം.928/2020/ത.സ്വ.ഭ.വ തീയതി 20.05.20എന്നിവ പ്രകാരം കൃഷി, മൃഗസംരക്ഷണ മേഖലകളിൽ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

പെരുമാട്ടി ഗ്രാമപഞ്ചായത്ത് ഒരു കാർഷികമേഖലയായതിനാൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കാൻ സാദ്ധ്യതകളേറെയുണ്ട്. എന്നാൽ ജനറൽ ഫണ്ടിൽ നിന്നും 2 കോടിയോളം രൂപ കാർഷിക മേഖലയിൽ വകയിരുത്തി നെൽകൃഷി കൂലിചെലവ് നൽകൽ മാത്രമാണ് കൃഷി ഓഫീസറുടെ പ്രൊജക്റ്റായി ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ മേഖലകളിൽ ഭക്ഷ്യോല്പാദന വർദ്ധനവുമായി ബന്ധപ്പെട്ട പദ്ധതികൾ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9537 | 840209 | 849746 | 849692 | 54 |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 59416508 | 59416508 | 59416508 | 0 |
| ആകെ | 9537 | 60256717 | 60266254 | 60266200 | 54 |

എം.എൻ.ആർ.ഇ.ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് യഥാർത്ഥ വരവ്ചെലവുകൾ ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരമുള്ളതാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കിൽ ആയത് വ്യത്യസ്തമാണ്. (വാർഷിക കണക്ക് പ്രകാരം വരവ് - 3666708, ചെലവ്-1269372)

## 1-7 ക്ഷേമപദ്ധതികൾ

| ക്രമ നം | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7221400 | 444 |
| 2 | വിധവാ പെൻഷൻ | 24988800 | 1672 |
| 3 | വാർദ്ധക്യകാല പെൻഷൻ | 36229400 | 2524 |
| 4 | വികലാംഗ പെൻഷൻ | 4649300 | 315 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1161400 | 75 |

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 09-01-2023 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 3292/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 12/09/2022 പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്. പൗരാവകാശ രേഖ 2021ൽ പുതുക്കിയിട്ടുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

എ)ആംബുലൻസ് വാടകയുടെ 10 ആം നമ്പറിലുള്ള രസീതി പുസ്തകം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 30.10.2021 ന് ടി പുസ്തകം പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.
ബി)ആംബുലൻസ് വാടക വരവ് രേഖപ്പെടുത്തുന്നതിന് കളക്ഷൻ രജിസ്റ്ററും കാഷ്ബുക്കും പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരം, ഓഫീസ് ഓർഡർ പ്രകാരമുള്ള

ജോലിവിഭജനം എന്നിവയും ലഭ്യമാക്കിയിട്ടില്ല. വാടക വരവ് കളക്ഷൻ രജിസ്റ്ററിലും കാഷ്ബുക്കിലും രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജ്ജന് അനുവദിച്ച 64333 നമ്പറിലുള്ള രസീതി പുസ്തകം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം ആവശ്യമായ എല്ലാ രേഖകളും രജിസ്റ്ററുകളും ഓഡിറ്റിന് സമർപ്പിക്കുന്നതിലും, ലഭ്യമാകേണ്ട എല്ലാ വരവുകളുടെയും കൃത്യത ഉറപ്പാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.

ആസ്തികളുടെ അപ്ഡേഷൻ

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും, കെട്ടിടങ്ങളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ Documentation പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്.

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നിവയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതുണ്ട്.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ജൂലൈ 2015 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11മുതൽ 2014-15വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 21-10-22തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ സെപ്റ്റംബർ/22 ലെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## 1-11 ആംബുലൻസ് വാടക - കണക്കുകൾ കൃത്യമല്ല-തുടർനടപടികൾ ആവശ്യപ്പെടുന്നു

പഞ്ചായത്തിൽ ആംബുലൻസ് വാടക ഈടാക്കുന്നതിനായി പ്രത്യേക രസീതി പുസ്തകം അച്ചടിച്ച് ഉപയോഗിക്കുന്നുണ്ട്. ക്രമ നമ്പർ 1 മുതൽ 10 വരെയുള്ള പുസ്തകങ്ങൾ അച്ചടിച്ച് പഞ്ചായത്തിൽ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 1,2,5,6,7,8,9,10 നമ്പറിലുള്ള പുസ്തകങ്ങൾ പൂർണ്ണമായി ഉപയോഗിച്ചതായും 3-ാം നമ്പറിലുള്ള പുസ്തകം നിലവിൽ ഉപയോഗിക്കുന്നതായും 4-ാം നമ്പറിലുള്ള പുസ്തകം ബാലൻസ് സ്റ്റോക്കിൽ ഉള്ളതായും ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ആംബുലൻസ് വാടക ഇനത്തിൽ 65300/- രൂപ വരവുണ്ട്. എന്നാൽ മുഴുവൻ രേഖകളും ഹാജരാക്കാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാടക പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

എ) രസീതി പുസ്തകം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

10-ാം നമ്പറിലുള്ള രസീതി പുസ്തകം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 30.10.2021 ന് ടി പുസ്തകം പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം രേഖാമൂലം ആവശ്യമായ എല്ലാ രേഖകളും രജിസ്റ്ററുകളും അക്കൗണ്ടുകളും സെക്രട്ടറി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനങ്ങളിൽ എത്താവുന്നതാണ്. ചട്ടം 12(4) പ്രകാരം രേഖകളോ കണക്കുകളോ നൽകാതിരുന്നാൽ ഓഫീസ് ഉത്തരവുകളുടേയും പഞ്ചായത്ത് തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള

കൃത്യങ്ങളിൽ വീഴ്ച വരുത്തിയത് മൂലമുള്ള നഷ്ടങ്ങൾക്കും ചെലവിനും ദുർവിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലി വിഭജനമനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിക്കും മേൽനോട്ട പിശകിനും ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതുമാണ്.

ബി) കളക്ഷൻ രജിസ്റ്ററും കാഷ്ബുക്കും പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

ആംബുലൻസ് വാടക ഈടാക്കിയത് കളക്ഷൻ രജിസ്റ്ററിലും കാഷ്ബുക്കിലും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വാടക ഈടാക്കിയതിന്റെ കളക്ഷൻ രജിസ്റ്ററും കാഷ്ബുക്കും പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിൽ ആംബുലൻസ് വാടക ഇനത്തിൽ 65300/- രൂപ വരവ് കാണിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത മതിയായ ബുക്ക്സ് ഓഫ് അക്കൗണ്ട്സിന്റെ അഭാവത്തിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

സി) ആംബുലൻസ് വാടക ഈടാക്കുകയോ ആയത് പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ല

9-ാം നമ്പറിലുള്ള രസീതി പുസ്തകത്തിലെ 805, 806, 809, 817, 818, 821, 822, 824, 825, 826, 832, 833, 838, 840, 841, 847, 848, 850, 851, 861, 877, 883 നമ്പർ രസീതികൾ മുഖേന വ്യക്തികളിൽ നിന്നും ആംബുലൻസ് വാടക ഈടാക്കുകയോ ആയത് പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ല. വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ നിന്നും പ്രസ്തുത രസീതികൾ മുഖേന ആകെ 1977 കിലോമീറ്റർ ഓടിയതിന്റെ വാടക ഈടാക്കാനുണ്ട്. വാടക നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഡി) ബൈലായുടെ അംഗീകാരം – സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമായിട്ടില്ല

പെരുമാട്ടി ഗ്രാമ പഞ്ചായത്തിൽ 19.08.2014 തിയ്യതി നടന്ന സാധാരണ മീറ്റിംഗിലെ 4-ാം നമ്പർ തീരുമാനം പ്രകാരം ആംബുലൻസ് സർവ്വീസ് നടത്തിപ്പിനുള്ള കരട് ബൈലാ അംഗീകരിക്കാനും ബന്ധപ്പെട്ടവർക്ക് ആയതിന്റെ പകർപ്പ് സമർപ്പിച്ച് അംഗീകാരം വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 08.10.2015 ലെ സി5-33134/15 നമ്പർ കത്തിലൂടെ ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കുന്ന ആംബുലൻസ് സർവ്വീസ് നടത്തിപ്പിനുള്ള ബൈലായ്ക്ക് അംഗീകാരം നൽകുന്നതിൽ സർക്കാരിനോട് മാർഗ്ഗ നിർദ്ദേശങ്ങൾ ആരാഞ്ഞ് കത്തയച്ചതായും സർക്കാർ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് സൂചന പ്രകാരം സമർപ്പിച്ച ബൈലാ സംബന്ധിച്ച തീരുമാനം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ബൈലായുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/16.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഫീസ് ഓർഡർ പ്രകാരമുള്ള ജോലിവിഭജനം, ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ വിവരം എന്നിവയും ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം അന്വേഷണവിധേയമാക്കി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 വെറ്ററിനറി സർജ്ജന് അനുവദിച്ച രസീതി പുസ്തകം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജ്ജന് അനുവദിച്ച 64333 നമ്പറിലുള്ള രസീതി പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 02.09.2021 ന് ടി പുസ്തകം പഞ്ചായത്തിൽ നിന്നും അനുവദിച്ചത് വെറ്ററിനറി സർജ്ജൻ കൈപ്പറ്റിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം- 15/16.01.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം അന്വേഷണവിധേയമാക്കി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ

നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര് | തസ്തിക | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ തൊഴിൽനികുതി | |
|---|---|---|---|---|---|
| | | | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 1 | അബിൻ.സി.എം | ക്ഷീരവികസന ഓഫീസർ | മിൽക് ക്വാളിറ്റി ടെസ്റ്റിങ് ലബോറട്ടറി, മീനാക്ഷിപുരം | - | 1250 |
| 2 | അഭിലാഷ്.പി | ക്ഷീരവികസന ഓഫീസർ | മിൽക് ക്വാളിറ്റി ടെസ്റ്റിങ് ലബോറട്ടറി, മീനാക്ഷിപുരം | - | 1250 |
| 3 | ബിജു.പി | ലാബ് അസിസ്റ്റന്റ് | മിൽക് ക്വാളിറ്റി ടെസ്റ്റിങ് ലബോറട്ടറി, മീനാക്ഷിപുരം | - | 1250 |
| 4 | പ്രതീഷ്.എം.എ | സിവിൽ എക്സൈസ് ഓഫീസർ | എക്സൈസ് വകുപ്പ്, കെ.എ.പി.എൽ, മീനാക്ഷിപുരം | 1250 | - |
| 5 | സുരേഷ്.കെ | സിവിൽ എക്സൈസ് ഓഫീസർ | എക്സൈസ് വകുപ്പ്, കെ.എ.പി.എൽ, മീനാക്ഷിപുരം | 1250 | - |
| 6 | സുരേഷ്.സി | സിവിൽ എക്സൈസ് ഓഫീസർ | എക്സൈസ് വകുപ്പ്, കെ.എ.പി.എൽ, മീനാക്ഷിപുരം | 1250 | - |
| 7 | രവി.എൻ.ആർ | ഓവർസിയർ | കെ.എസ്.ഇ.ബി | 1250 | - |
| 8 | അക്ബർ അലി | മസ്ദൂർ | കെ.എസ്.ഇ.ബി | 1250 | - |
| 9 | ശശീന്ദ്രൻ | മസ്ദൂർ | കെ.എസ്.ഇ.ബി | - | 1250 |
| 10 | ഫെബിൻ ഫാസിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | ഇറിഗേഷൻ വകുപ്പ്, മൂലത്തറ | - | 1250 |
| 11 | വിശ്വനാഥൻ | അറ്റന്റർ | ഗവ.ആയുർവ്വേദ ഡിസ്പ്പെൻസറി | - | 1250 |
| 12 | ഇന്ദിര.കെ | എച്ച്.എസ്.എ | എച്ച്.എസ്.എസ്, പെരുമാട്ടി | - | 1250 |
| 13 | യതിയാഖാൻ.എം.കെ | പി.ഡി.ടീച്ചർ | ജി.എൽ.പി.എസ്, നെല്ലിമേട് | 1250 | - |
| 14 | സബിതബാനു.എ | എൽ.പി.എസ്.എ | ജി.എൽ.പി.എസ്, നെല്ലിമേട് | 1250 | - |

| | | | | | |
|---|---|---|---|---|---|
| 15 | സെൽവി | എൽ.പി.എസ്.എ | ജി.എൽ.പി.എസ്, നെല്ലിമേട് | - | 1250 |
| 16 | സംഗീത.ടി.കെ | പ്രിൻസിപ്പാൾ | ഗവ.ഐ.ടി.ഐ, പെരുമാട്ടി | 1250 | - |
| 17 | അർജ്ജുൻ | ജൂനിയർ ഇൻസ്ട്രക്ടർ | ഗവ.ഐ.ടി.ഐ, പെരുമാട്ടി | - | 1000 |
| 18 | ജി.സതീഷ് | റീജിയണൽ സെയിൽസ് മാനേജർ | കെ.എ.പി.എൽ, മീനാക്ഷിപുരം | 1250 | - |
| 19 | അർജ്ജുൻ സുനിൽ | ഓഫീസ് അസിസ്റ്റന്റ് | കെ.എ.പി.എൽ, മീനാക്ഷിപുരം | 1250 | - |
| 20 | ടി.സെറദീപ് | ട്രെയിനി പേഴ്സണൽ | കെ.എ.പി.എൽ, മീനാക്ഷിപുരം | 450 | - |
| 21 | അലീന സാബു | ക്ലാർക്ക് | സൗത്ത ഇന്ത്യൻ ബാങ്ക്, പെരുമാട്ടി | - | 1250 |
| 22 | ഡോ.ലാവണ്യ.എൻ.ആർ | അസി. പ്രൊഫസർ | കരുണ മെഡിക്കൽ കോളേജ് | 1250 | - |
| 23 | ഡോ.സന്താനകൃഷ്ണൻ.എസ് | പ്രൊഫസർ | കരുണ മെഡിക്കൽ കോളേജ് | 1250 | - |
| 24 | ഡോ.ഷമീം ഹൈദർ | സീനിയർ റസിഡന്റ് | കരുണ മെഡിക്കൽ കോളേജ് | 1250 | - |
| 25 | ജിതിത് ഷാ | അസി. പ്രൊഫസർ | കരുണ കോളേജ് ഓഫ് നഴ്സിങ്ങ് | - | 1250 |
| 26 | ദീപിക.വി | അസി. പ്രൊഫസർ | കരുണ കോളേജ് ഓഫ് നഴ്സിങ്ങ് | - | 1250 |
| 27 | ഷൈമാബീ.എ.കെ | അസി. പ്രൊഫസർ | കരുണ കോളേജ് ഓഫ് നഴ്സിങ്ങ് | - | 750 |
| 28 | സ്മിത.വി.എസ് | ഫാർമസിസ്റ്റ് | പി.എച്ച്.സി, പെരുമാട്ടി | 1250 | - |
| 29 | സുമി.എം.എ | ഫാർമസിസ്റ്റ് ഗ്രേഡ് II | പി.എച്ച്.സി, പെരുമാട്ടി | - | 1250 |
| 30 | സരുൺ.വി | ക്ലാർക്ക് | കാനറ ബാങ്ക്, മീനാക്ഷിപുരം | 1250 | - |
| 31 | പ്രതിഭ | ക്ലാർക്ക് | കാനറ ബാങ്ക്, മീനാക്ഷിപുരം | - | 1250 |
| 32 | രാമചന്ദ്രൻ.ടി.എം | പോസ്റ്റൽ അസിസ്റ്റന്റ് | പോസ്റ്റ് ഓഫീസ്, വണ്ടിത്താവളം | 1250 | - |
| 33 | കൃഷ്ണൻ.കെ | ജി.ഡി.എസ് | പോസ്റ്റ് ഓഫീസ്, | 600 | - |

| | | | | | |
|---|---|---|---|---|---|
| | | എം.ഡി | വണ്ടിത്താവളം | | |
| 34 | ചന്ദ്രൻ.പി | ജി.ഡി.എസ് എം.ഡി | പോസ്റ്റ് ഓഫീസ്, വണ്ടിത്താവളം | 750 | - |
| 35 | ബിബിൻ.ബി | - | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പെരുമാട്ടി | - | - |
| 36 | മണി | സീനിയർ ക്ലാർക്ക് | ഗ്രാമപഞ്ചായത്ത് കാര്യാലയം, പെരുമാട്ടി | - | 1250 |
| 37 | ബിന്ദു | ടെക്നിക്കൽ അസിസ്റ്റന്റ് | ഗ്രാമപഞ്ചായത്ത് കാര്യാലയം, പെരുമാട്ടി | - | 1250 |
| 38 | രാജ.ആർ | ഓവർസിയർ | ഗ്രാമപഞ്ചായത്ത് കാര്യാലയം, പെരുമാട്ടി | - | 1250 |
| 39 | ശോഭന.എം.വി | എച്ച്.എസ്.എ | എച്ച്.എസ്, പെരുമാട്ടി | 1250 | - |
| 40 | ഇന്ദിര.കെ | എച്ച്.എസ്.എ | എച്ച്.എസ്, പെരുമാട്ടി | - | 1250 |
| 41 | പരമേശ്വരൻ.കെ | എച്ച്.എസ്.എ | ഗവ. എച്ച്.എസ്, മീനാക്ഷിപുരം | 1250 | - |
| 42 | രേഷ്മ മോഹൻ.പി | എച്ച്.എസ്.എ | ഗവ. എച്ച്.എസ്, മീനാക്ഷിപുരം | 1250 | - |
| 43 | വരദ രാജേശ്വരി | പ്യൂൺ | ഗവ. എച്ച്.എസ്, മീനാക്ഷിപുരം | - | 1250 |
| 44 | മണികണ്ഠൻ.പി | പ്യൂൺ | ഗവ. എച്ച്.എസ്, മീനാക്ഷിപുരം | - | 1250 |
| 45 | പത്മാവതി.ആർ | പി.ഡി.ടീച്ചർ | ഗവ. എച്ച്.എസ്, മീനാക്ഷിപുരം | 1250 | - |
| 46 | ഗുണലക്ഷ്മി | പി.ഡി.ടീച്ചർ | ഗവ. എച്ച്.എസ്, മീനാക്ഷിപുരം | 1250 | - |
| 47 | ലൈല.എം | പി.ഡി.ടീച്ചർ | ഗവ. എച്ച്.എസ്, മീനാക്ഷിപുരം | 1250 | - |
| 48 | തസ്ലിമ | സ്റ്റാഫ് നഴ്സ് | എഫ്.എച്ച്.സി | - | 1000 |
| 49 | റിയ.എസ് | സ്റ്റാഫ് നഴ്സ് | എഫ്.എച്ച്.സി | - | 600 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും 31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരം നടപടിക്രമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടില്ലെന്ന് വ്യക്തമായി. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല. ക്ലിയറൻസ് ആവശ്യമായ വ്യാപാര സംരംഭങ്ങളുടെ ലൈസൻസ് പുതുക്കൽ അപേക്ഷയോടൊപ്പം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/16.01.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-15 സി എസ് എൽ ടി സിയ്ക്കായി തുക നല്കിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ 150/22 നമ്പർ പ്രൊജക്ടിനായി താഴെ പറയും പ്രകാരം ചിറ്റൂർ ബ്ളോക്ക് പഞ്ചായത്തിലേക്ക് തുക നല്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം.പേര് | അടങ്കൽ | ചെലവ് | ബിൽ നം/സാംങ്ഷൻ ഓർഡർ നം/ തീയതി | സ്ഥാപനം |
|---|---|---|---|---|---|
| 1 | 150/22- പ്ലാച്ചിമട സി എസ് എൽ ടി സി പഞ്ചായത്ത് വിഹിതം അനുവദിക്കുന്നത് | 1000000 വികസന ഫണ്ട് | 1000000 | ബിൽ നം 8/7.7.2021 | ചിറ്റൂർ ബ്ളോക്ക് പഞ്ചായത്ത് |

സി എസ് എൽ ടി സിയുടെ പ്രവർത്തനത്തിനായി ഗ്രാമപഞ്ചായത്ത് നല്കിയ തുകയുടെ വിനിയോഗ

സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ഇതേക്കുറിച്ച് എൻക്വയറി(9/13-1-23) നല്കിയതിന് മറുപടി ലഭ്യമായില്ല.

1-16 NREGS ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -കമ്പ്യൂട്ടർ ലഭ്യമായില്ല.

പ്രൊജക്റ്റ് നം - 215/22- NREGS ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ-75000(തനത് ഫണ്ട്)

ചെലവ് -39797 (തനത് ഫണ്ട്)

(TSB ചെക്ക് നം 5143434/25-3-2022 )

NREGS ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും CPRCS ലൂടെ വാങ്ങുന്നതിനായി കെൽട്രോണിന് 39797രൂപ നല്കിയിട്ടുണ്ടെങ്കിലും ഇതുവരെയായി കമ്പ്യൂട്ടർ ലഭിച്ചിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് നടപടിയെടുത്തതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നറിയിച്ച് എൻക്വയറി (7/13.1.23) നല്കിയതിന് മറുപടി ലഭ്യമായില്ല.

ടി പ്രൊജക്ടിനായി ചെലവഴിക്കുന്ന തുക NREGS അഡ്മിൻ ഫണ്ടിൽ നിന്നും റിക്കപ്പ് ചെയ്യേണ്ടതാണ് എന്ന് ഭരണസമിതിയുടെ 23.10.21 ലെ 13/1 നമ്പർ തീരുമാനം ഉണ്ട്. പ്രസ്തുത ചെലവ് തുക റീക്കപ്പ് ചെയ്തിട്ടില്ലാത്തതിനാൽ അഡ്മിൻ ഫണ്ട് ലഭ്യമാകുമ്പോൾ ഇത് ക്രമീകരിച്ച് അറിയിക്കേണ്ടതാണ്. കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമായ കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-17 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ എജൻസികൾക്ക് നല്കിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി എജൻസികൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

I) വാർഡുകളിലെ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലിനായി കെ.എസ്.ഇ.ബിയിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ഏജൻസി |
|---|---|---|---|---|
| 1. | 216/22-വിവധ SC കോളനികൾക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 452667(SCP) | 439849<br>1)ബിൽ നം 37/21.3.2022-277208/-രൂപ<br>2)ബിൽ നം 44/27.3.2022-162641/-രൂപ | 1a) KSEB തത്തമംഗലം സെക്ഷൻ-206880/- രൂപ<br>1b) KSEBചിറ്റൂർ സെക്ഷൻ-70328<br>2a)KSEB തത്തമംഗലം സെക്ഷൻ-37250/-രൂപ<br>2b)KSEB വണ്ടിത്താവളം സെക്ഷൻ-125391/-രൂപ |

| | | | | |
|---|---|---|---|---|
| 2 | 217/22- ST കോളനികളിലേക്ക് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 550000 (TSP) | ബിൽ നം 38/21.3.2022 542556/- രൂപ | KSEB -വണ്ടിത്താവളം സെക്ഷൻ |

II- കേരള വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് നല്കിയത്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ഏജൻസി |
|---|---|---|---|---|
| 1 | 212/22- പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകൽ | 112000 തനത് ഫണ്ട് | 110000 TSB ചെക്ക് നം 5143421/21.1.22 | കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പി എച്ച് ഡിവിഷൻ , പാലക്കാട് |

മേൽ സൂചിപ്പിച്ച പ്രൊജക്ടുകൾക്കായി തുക കൈമാറുന്നതിനു മുൻപ് നിർവഹണ ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല. കരാറിലേർപ്പെടാതെ തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കുവാനും, നല്കിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനും ആവശ്യപ്പെട്ട് എൻക്വയറികൾ (6, 9/13-1-23) നല്കിയതിന് മറുപടി ലഭ്യമായില്ല.

സെക്രട്ടറി നടപ്പാക്കിയ ഈ പ്രൊജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-18 പാലിന് സബ്സിഡി പ്രൊജക്ട് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2021-22 വർഷത്തിൽ പാലിന് സബ്സിഡി നൽകുന്നതിനായി ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. 10 സംഘങ്ങളിലായി 1084 ക്ഷീരകർഷകർ നിലവിലുണ്ട്. 2021ഏപ്രിൽ മുതൽ 2022 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ പാലിന് സബ്സിഡി നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി.

പ്രൊജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ നം./പേര് | അടങ്കൽ | ബിൽ/ചെക്ക് നം. | തുക | സബ്സിഡി യായി തുക നല്കിയ മാസങ്ങൾ |
|---|---|---|---|---|
| 70/22 ക്ഷീര കർഷകർക്ക് | വികസന ഫണ്ട്- ജനറൽ | 08/22തീ.28.01.22 | 600600 | 2021 ഏപ്രിൽ |

| | | | | |
|---|---|---|---|---|
| പാലിന് സബ്സിഡി നൽകൽ – ജനറൽ | 600600 ജില്ലാ പഞ്ചായത്ത്- 600600 | 09/22തീ.28.01.22 10/22തീ.28.01.22 11/22തീ.7.02.22 12/22തീ.7.02.22 13/22തീ.7.02.22 14/22തീ.9.02.22 15/22തീ.9.02.22 16/22തീ.26.02.22 | 600600 | മുതൽ 2021 ജൂൺ വരെ |
| | ആകെ 1201200 | | ആകെ 1201200 | |
| 149/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ – ജനറൽ (SO) | വികസന ഫണ്ട്- പൊതുവിഭാഗം 66316 ധനകാര്യ കമ്മീഷൻ അവാർഡ്-118800 | 01/22തീ.17.09.22 02/22തീ.17.09.22 03/22തീ.17.09.22 04/22തീ.30.10.22 05/22തീ.30.10.22 06/22തീ.30.10.22 07/22തീ.30.10.22 | 66316 118800 | 2020 ഏപ്രിൽ മുതൽ 2020 മെയ് വരെ |
| | ആകെ 185116 | | ആകെ 185116 | |

മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.20/16.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ അളവിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്ട് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു. പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്.തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്.

1-19 അങ്കണവാടി പോഷകാഹാരം പദ്ധതി-സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല.

2021-22 ൽ സമഗ്ര അങ്കണവാടി പോഷകാഹാരം എന്ന പേരിൽ രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 6/22 | അങ്കണവാടി പോഷകാഹാരം ജനറൽ | 4112595 (3112595 – വികസന ഫണ്ട്, | 3980195 (2999930- വികസന ഫണ്ട് , |

| | | | | |
|---|---|---|---|---|
| | | | 1000000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 980265- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 2 | 175/22 | അങ്കണവാടി പോഷകാ ഹാരം- എസ് സി പി | 789000 ( വികസന ഫണ്ട്- എസ്.സി.പി 589000) 200000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 586531 ( വികസന ഫണ്ട്- എസ്.സി.പി) |

പ്രോജക്ടുകളുടെ ഭാഗമായി ആരോഗ്യ അമൃതം ഫുഡ്സ് , തെക്കേദേശം, നല്ലേപ്പിള്ളി എന്ന സ്ഥാപനത്തിന് അമൃതം ന്യൂട്രിമിക്സ്, ആരോഗ്യ മിക്സ് എന്നിവ വാങ്ങിയ വകയിൽ വിവിധ ബില്ലുകളിലായി താഴെ പറയും പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്

| പ്രോജക്റ്റ് നം | ബിൽ നം/ചെക്ക്നം./തീയതി, തുക (₹) | ബിൽ തുകയിൽ നിന്നും സ്ഥാപനത്തിനു നല്കിയ തുക (₹) |
|---|---|---|
| 6/22 | 7/20.1.22- 663700 | 482322 |
| | 1/13.8.21- 1405755 | 1405755 |
| | 2/26.8.21- 930475 | 784934 |
| | ചെക്ക് നം.1062023/17-3-22- 683053 (കേന്ദ്ര വിഹിതം) | 407203 |
| | ചെക്ക് നം-3655801/3-3-22- 297212 (കേന്ദ്ര വിഹിതം) | 297212 |
| 175/22 | 4/12.10.22- 425923 | 252838 |
| | 8/24.3.22 -160608 | 160608 |

5% ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് , എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ

ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് ( നം.14/13.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

തുടർവർഷങ്ങളിലെ പദ്ധതികളിലുൾപ്പെട്ട വാങ്ങലുകളിൽ ടി ഡി എസ് സംബന്ധിച്ച നിർദേശം കൃത്യമായി പാലിക്കേണ്ടതാണ്

1-20 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 96 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 62 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 28 എണ്ണം പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 34 എണ്ണം പുതിയ പ്രവൃത്തികളുമാണ്. ₹54422395വകയിരുത്തിയതിൽ ₹26850711 ആണ് ചെലവഴിച്ചിട്ടുള്ളത്. 49% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹27571684 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. തൻവർഷം നടപ്പിലാക്കാത്ത 34പ്രവൃത്തികളിൽ 28 പ്രവൃത്തികൾ അടുത്ത വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 1209392 | 865471 | 72 |
| പൊതുവിഭാഗം (എസ്.സി.പി) | 2200000 | 439372 | 20 |
| പൊതുവിഭാഗം (ടി.എസ്.പി) | 2540337 | 963660 | 38 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 16974600 | 6284030 | 37 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2520000 | 420000 | 17 |
| തനതു ഫണ്ട് | 1063623 | 77323 | 7 |
| ബ്ലോക്ക് വിഹിതം | 1634562 | 725306 | 44 |
| മെയി.ഫണ്ട്(റോഡ്) | 20060519 | 15588606 | 78 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 6219362 | 1486943 | 24 |
| ആകെ | 54422395 | 26850711 | 49 |

1.തൻ വർഷം തുക വകയിരുത്തിയ മരാമത്ത് പ്രവൃത്തികളുടെ സ്ഥിതിവിവരം

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗ് പദ്ധതികൾക്കുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്.

മാലിന്യസംസ്കരണ പദ്ധതികളുടെ സ്ഥിതി

പ്രൊജക്ട് നം - S0116- ഗ്യാസ് ക്രിമറ്റോറിയത്തിന് കെട്ടിടവും ചുറ്റുമതിലും - ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പ്രവൃത്തി ഉപേക്ഷിച്ചിട്ടുള്ളതാണ്.

പ്രൊജക്ട് നം - S0117 – മാലിന്യ നിർമ്മാർജ്ജനം തുമ്പൂർമുഴി മോഡൽ - പ്രവൃത്തി ഉപേക്ഷിച്ചിട്ടുള്ളതാണ്.

പ്രൊജക്ട് നം 243- ഏറാട്ടുചള്ള മാലിന്യസംസ്കരണം - തുമ്പൂർമുഴി മോഡൽ - പ്രവൃത്തിക്ക് സാമ്പത്തിക വർഷാവസാനം ഫണ്ട് വകയിരുത്തിയതും മാർച്ച്/22 ന് ടെണ്ടർ നടത്തി 20.04.22ന് എഗ്രിമെന്റ്

വെച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടന്നുവരുന്നുണ്ട്.

പ്രൊജക്ട് നം 227 - ഏറാട്ടുചള്ള എം.സി.എഫ് നിർമ്മാണം - പ്രവൃത്തിക്ക് സാമ്പത്തിക വർഷാവസാനം ഫണ്ട് വകയിരുത്തിയതും മാർച്ച്/22 ന് ടെണ്ടർ നടത്തി 20.04.22ന് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടന്നുവരുന്നുണ്ട്.

കെട്ടിട നിർമ്മാണപദ്ധതികളുടെ പുരോഗതി

തൻ വർഷം നിർവ്വഹിച്ച കെട്ടിട നിർമ്മാണപദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ (കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ്ങ് പ്രവൃത്തികൾ ഉൾപ്പെടെ) , നിലവിലെ വിനിയോഗം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് , (നം- 5/13.01.23) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | തൻ വർഷത്തെ ചെലവ് | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | 156/22 | കരടിക്കുന്ന് കമ്മ്യൂണിറ്റി ഹാൾ രണ്ടാം ഘട്ടം | 1000000 (TSP - 413700,തനത് ഫണ്ട് -586300) | 413700 | ടി.എസ്.പി ഫണ്ട് 413700/-രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ താഴത്തെ നില പൂർത്തീകരിച്ചു. 2022-23 വർഷത്തിൽ സ്പിൽ ഓവറായി ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2 | 130/22 | കരടിക്കുന്ന് വൃദ്ധസദനം നിർമ്മാണം | 400000 (Plan-gen) | 396816 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. 2022-23 വർഷത്തിൽ സ്പിൽ ഓവറായി ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. |

2018-19 ൽ ഭാഗികമായി പൂർത്തീകരിച്ച കരടിക്കുന്ന് വൃദ്ധസദനത്തിന്റെ രണ്ടാം ഘട്ടമായിട്ടാണ് 2020-21 പദ്ധതിയിൽ പ്രസ്തുത പ്രൊജക്ട് വെച്ചിട്ടുള്ളത്. കരടിക്കുന്ന് കമ്മ്യൂണിറ്റി ഹാളും രണ്ടാം ഘട്ടമായാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച് കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കേണ്ടതാണ്.

2.റോഡിതര മെയ്ന്റനൻസ് ഫണ്ട് ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 6219362രൂപ വകയിരുത്തി 19 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 8 പ്രൊജക്ടുകൾക്കായി 1486943 രൂപ (വകയിരുത്തിയ തുകയുടെ 24%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

3.ആസ്തി വിവരങ്ങൾ കാലികമാക്കൽ

തൻ വർഷം റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊജക്ട് രൂപീകരിച്ചിട്ടില്ല. ആയത് അടുത്ത വർഷം നിർവ്വഹിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ നിന്ന് റോഡ് മാപ്പ് ലഭ്യമാകുന്ന മുറക്ക്

ആസ്തികൾ കാലികമാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന് (നം-2/11.01.23) മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ആസ്തികളുടെ വിവരം കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

2. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-21 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽവില ഈടാക്കിയിട്ടില്ല.
ഇൻവോയ്സുകൾ പ്രകാരം ഒരു ബാരലിലെ ബിറ്റുമിന്റെ അളവ് അനുസരിച്ചാണ് ബാരലിന്റെ എണ്ണം കണക്കാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് അന്വേഷണം നമ്പർ (18/16.01.23)

ഇനം - ഒരു ബാരലിലെ അളവ്

VG30 - 156 Kg

SS1 - 200 Kg

RS1 - 200 Kg

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം X വില |
|---|---|---|---|---|
| 1 | So/128/22 – അയ്യപ്പൻകാവ് ലിങ്ക്റോഡ് റീടാറിംഗ്<br>അടങ്കൽ - 208981 (മെയ്ന്റനൻസ് )<br>കരാറുകാരൻ - ശ്രീ. ആർ.ശശികുമാർ<br>എഗ്രിമെന്റ് നം.: 19/22-09-2020<br>അളവു പുസ്തകം – | ബിൽ നം. 3/29-07-2021<br>ചെലവ്: – 174448 | VG 30 – 1778.86 | 11 X 250 = 2750/- |

| | | | | |
|---|---|---|---|---|
| | 121/19-20 | | | |
| 2 | So/126/22 – സിൽവാംപതി റോഡ് മെറ്റലിങ്ങ്, ടാറിംഗ് <br> അടങ്കൽ - 449435 (മെയ്ന്റനൻസ് ) <br> കരാറുകാരൻ - ശ്രീ. ആർ. ബോസ് <br> എഗ്രിമെന്റ് നം.: 22-09-2020 <br> അളവു പുസ്തകം - 113/19-20 | ബിൽ നം. 17/14-12-2021 <br> ചെലവ്: - 443443/- | SS1 – 431.92 Kg <br> RS1 – 208.59 Kg <br> VG30 – 1834.52 Kg | 14 X 250 = 3500/- |
| 3 | So122/22 – വേമ്പ്ര റോഡ് റീടാറിംഗ്, പാർശ്വഭിത്തി നിർമ്മാണം <br> അടങ്കൽ - 600000 (മെയ്ന്റനൻസ് ) 599619/- <br> കരാറുകാരൻ - ശ്രീ. ഷൺമുഖൻ <br> എഗ്രിമെന്റ് നം.: 11/11-09-2020 <br> അളവു പുസ്തകം - 117/19-20 | ബിൽ നം. 21/17-12-2021 <br> ചെലവ്: - 194286/- | RS1 – 304.42kg <br> VG30 – 3465.13 Kg | 23 X 250 = 5750/- |
| | | | | ആകെ ബാരൽ വില – 12000 + 2160 GST |

ബാരലിന്റെ വിലയായ ₹12000, GST ₹2160 കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബാരലുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതുമാണ്.

തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 ടാർ ബാരലുകളുടെ 18%GST പിടിച്ച് കേന്ദ്ര -സംസ്ഥാന ഫണ്ടുകളിലേക്ക് അടവാക്കിയിട്ടില്ല

ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്ന് ടാർ ബാരലുകളുടെ വില 250/-എന്ന നിരക്കിൽ 18% GST ഉൾപ്പെടുത്താതെയാണ് കുറച്ചിട്ടുള്ളത്. സാമ്പത്തിക വർഷം നിർവ്വഹിച്ച ടാറിംഗ് പ്രവൃത്തികളിൽ ടാർ ബാരലുകളുടെ വിലയിനത്തിൽ ഗ്രാമപഞ്ചായത്തിനു കൈമാറിയ തുക, ആകെ പ്രവൃത്തികളുടെ എണ്ണം എന്നീ വിവരങ്ങൾ ഓഡിറ്റ് അന്വേഷണം (നം-10/13.01.23) പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് സാമ്പത്തിക വർഷം ആകെ 18 ടാറിംഗ് പ്രവൃത്തികളിൽ ടാർ ബാരലുകളുടെ വിലയിനത്തിൽ ആകെ 112561/-രൂപ ഗ്രാമപഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. ആയതിന്റെ 18% GST 20261/-രൂപ കരാറുകാരിൽ നിന്ന് ഈടാക്കി കേന്ദ്ര സംസ്ഥാന

ഫണ്ടുകളിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസം - പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

സാമ്പത്തിക വർഷം പൂർത്തീകരിച്ച താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ജി.ഒ(പി)നം.13/2012 PWD/1.02.12 വ്യവസ്ഥകൾ അനുസരിച്ചല്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവു മൂലം കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ അനുമതി വാങ്ങി PACയുടെ 1% വരെ ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ കവിയാവുന്നതല്ല. ഈ കാലാവധിക്കു ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചതിനു ശേഷമാണ് കരാറുകാരന് തുക നൽകാവുന്നത്.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതിരുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന നൽകിയിട്ടില്ല. കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി ദീർഘിപ്പിച്ചതിന്നാധാരമായ ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല. 2018-19 വർഷം ആരംഭിച്ച പ്രവൃത്തികൾ 2021-22 വരെയും ദീർഘിപ്പിച്ച നടപടി അംഗീകരിക്കാവുന്നതല്ല.

സാമ്പത്തിക വർഷം ഫൈനൽ ബിൽ അനുവദിച്ച താഴെപ്പറയുന്ന സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തീകരണ സമയവും കഴിഞ്ഞാണ് ആരംഭിച്ചിട്ടുള്ളത്. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50%ത്തിൽ കവിഞ്ഞിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം-17/16.01.23)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പ്രവൃത്തി ആരംഭിച്ച തീയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ(3%) |
|---|---|---|---|---|---|
| 1 | S0119/22 – നറണി റോഡ് റീടാറിംഗ്<br>അടങ്കൽ - 500000 (മെയ്ന്റനൻസ് )<br>PAC- 446006<br>കരാറുകാരൻ -<br>ശ്രീ. എ.വിജയകുമാർ<br>എഗ്രിമെന്റ് നം-8/10.10.19<br>അളവു പുസ്തകം - 5/20-21 | 10.04.2020 | 10-10-2019 | 31-03-2021 | 13380 |

| | | | | | |
|---|---|---|---|---|---|
| | ഫൈനൽ ബിൽ – 6/10.08.21<br>തുക - 482289/-<br>പൂർത്തീകരണ കാലാവധി - 6 മാസം | | | | |
| 2 | S0121/22 – പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിൽ കമ്മ്യൂണിറ്റി ടോയ് ലെറ്റ് നിർമ്മാണം<br>അടങ്കൽ – 1350362(കേന്ദ്രാവിഷ്കൃതം- 367512, CFC- 982850 ) PAC- 1203686<br>കരാറുകാരൻ - ശ്രീ. ആർ.ശശികുമാർ<br>എഗ്രിമെന്റ് നം-47/3.12.19<br>അളവു പുസ്തകം – 66/19-20, 31/20-21<br>ഫൈനൽ ബിൽ - 58/24.03.22<br>തുക - 795995/-<br>പൂർത്തീകരണ കാലാവധി - 11മാസം | 2.11.2020 | 3.12.2019 | 19.02.22 | 36111 |
| 3. | S0115/22 – മീനാക്ഷിപുരം കംഫർട്ട് സ്റ്റേഷൻ മെയ് ന്റനൻസ്<br>അടങ്കൽ - 550000( CFC) PAC- 478905<br>കരാറുകാരൻ - ശ്രീ. എ.വിജയകുമാർ<br>എഗ്രിമെന്റ് നം- 53/4.04.18<br>അളവു പുസ്തകം - 34/20-21<br>ഫൈനൽ ബിൽ - 67/30.03.22<br>തുക - 513394/- | 4.04.2018 | 3.10.2018 | 25.03.2022 | 14367 |

| | | | | | |
|---|---|---|---|---|---|
| | പൂർത്തീകരണ കാലാവധി - 6 മാസം | | | | |
| | | | | ആകെ | 63858/- |

പിഴയിനത്തിൽ ആകെ 63858/-രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - സമയബന്ധിതമായി കരാറിൽ ഏർപ്പെടുന്നത്- പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കരാറുകാരൻ സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തുകയോ, കരാറുകാരുടെ അപേക്ഷ ഫയലിൽ ഉള്ളടക്കം ചെയ്യുകയോ ചെയ്തിട്ടില്ല. കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012 /PWD/1.02.12 Para 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC യുടെ 1% പിഴ ഈടാക്കേണ്ടതാണ്. 14 ദിവസവും പിഴയോടു കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി, EMD കണ്ടുകെട്ടേണ്ടതും ടെണ്ടർ വ്യവസ്ഥകളിലെ മറ്റു നടപടികളും പാലിക്കേണ്ടതാണ്.തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും, നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യുകയോ സാധ്യമല്ലെങ്കിൽ റീടെണ്ടർ നടത്തുകയോ ചെയ്യേണ്ടതാണ്. പ്രവൃത്തിയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട്നം/ പ്രൊജക്ട്/കരാറുകാരൻ | ഫൈനൽ ബിൽ/ തീയതി | സെലക്ഷൻ നോട്ടീസ് | കരാർ | പി.എ.സി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 1 | 133/22- മുതലാംതോട് ഐ.എച്ച്.ഡി.പി കോളനി റോഡ് റീടാറിംഗ്- ശ്രീ. രമേഷ്, വിളയന്നൂർ | 9/29.09.21-293898/- | 15.09.20 | 31/28.12.20 | 350000 | 3500 |

പിഴയിനത്തിൽ ആകെ 3500/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-25 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിൽ കാലതാമസം

സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ/അപേക്ഷകയുടെ പേര് | അപേക്ഷാ തിയതി | പെൻഷൻ അനുവദിച്ച തീയതി |
|---|---|---|---|
| 1 | സന്തോഷ് കുമാർ , മുത്തുസ്വാമി പുതൂർ, മീനാക്ഷിപുരം (വികലാംഗപെൻഷൻ) | 24.6.21 | 11.11.21 |

| | | | |
|---|---|---|---|
| 2 | രുഗ്മിണി, മണിയാട്ടുകുളമ്പ് വിളയോടി (വികലാംഗപെൻഷൻ) | 11.6.21 | 11.11.21 |
| 3 | കാർത്ത്യായനി,പുത്തൻപാടം വിളയോടി (50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ) | 29.6.2021 | 1.10.2021 |
| 4 | അംജഹൻ.എ.എം, കല്യാണപ്പേട്ട കന്നിമാരി(വാർധക്യകാല പെൻഷൻ) | 29.9.21 | 5.2.22 |

പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കണമെന്ന് അറിയിച്ച് ഓഡിറ്റ് എൻക്വയറി(നം-22/16.01.23) നല്കിയതിന് മറുപടി ലഭ്യമായില്ല. 40 ദിവസമാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ അന്വേഷണം നടത്തി തീരുമാനമെടുക്കുന്നതിന് അനുവദനീയമായ പരമാവധി സമയം. നിശ്ചിത സമയത്തിലും അധികസമയമെടുത്താണ് ഇവ തീർപ്പാക്കിയിട്ടുള്ളത്. പെൻഷൻ അപേക്ഷകളിന്മേലുള്ള നടപടി സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്.

## 1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ

2021-22 വർഷത്തേക്കുള്ള കർമ്മ പദ്ധതി അനുസരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പത്ത് തരം പ്രവർത്തനങ്ങൾ ഉൾപ്പെടെ 1423 പ്രൊജക്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലൂടെ 502306 മനുഷ്യാദ്ധ്വാന ദിനങ്ങളും അതിനാവശ്യമായ സാധനഘടകം 57018750 രൂപയും വേതനഘടകം 146196750 രൂപയും ഉൾപ്പെടുത്തിയ ഷെൽഫ് ഓഫ് പ്രോജക്റ്റ്സ് തയ്യാറാക്കിയിട്ടുണ്ട് . തൻവർഷം നടപ്പാക്കിയ പ്രവൃത്തികൾ താഴെ ചേർക്കുന്നു.

| നടപ്പാക്കിയ പ്രവൃത്തികൾ | ഉപയോഗിച്ച തുക | മനുഷ്യദിനം |
|---|---|---|
| പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, മാനേജ്മെന്റ് | 29639000 | 97435 |
| വ്യക്തിഗത/ സാമൂഹിക ആസ്തികൾ | 5429000 | 15799 |
| ഗ്രാമീണ റോഡുകൾ | 4047000 | 11939 |
| ഗ്രാമീണ ആസ്തികൾ | 12000 | 35 |
| വരൾച്ചാ പ്രതിരോധം | 773000 | 2280 |
| ഭൂവികസന പ്രവർത്തനങ്ങൾ | 19770000 | 58321 |
| ജലസേചന പ്രവർത്തനങ്ങൾ | 145000 | 428 |

തൊഴിലാളികൾക്ക് പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാകുന്നതിനും പ്രാദേശിക വികസനത്തിന് സഹായകമാവുന്നതുമായ രീതിയിൽ പ്രവൃത്തികൾ നടപ്പിലാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽവില ഈടാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നമ്പർ (18/16.01.23)

ഇൻവോയ്സുകൾ പ്രകാരം ഒരു ബാരലിലെ ബിറ്റുമിന്റെ അളവ് അനുസരിച്ചാണ് ബാരലിന്റെ എണ്ണം കണക്കാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം - ഒരു ബാരലിലെ അളവ്

VG30 - 156 Kg

SS1 - 200 Kg

RS1 - 200 Kg

| ക്രമനം. | പ്രവൃത്തി, | ബിൽ നം., | ടാറിന്റെ | ബാരലിന്റെ |
|---|---|---|---|---|

| | അളവു പുസ്തകം | തിയതി<br>തുക (രൂപ) | ഇനം, ഉപയോഗിച്ച അളവ് (Kg) | എണ്ണം X വില |
|---|---|---|---|---|
| 1 | So/128/22 – അയ്യപ്പൻകാവ് ലിങ്ക്റോഡ് റീടാറിംഗ്<br>അടങ്കൽ - 208981 (മെയ്റ്റനൻസ് )<br>കരാറുകാരൻ - ശ്രീ. ആർ.ശശികുമാർ<br>എഗ്രിമെന്റ് നം.:19/22-09-2020<br>അളവു പുസ്തകം - 121/19-20 | ബിൽ നം. 3/29-07-2021<br>ചെലവ്: - 174448 | VG 30 – 1778.86 | 11 X 250 = 2750/- |
| 2 | So/126/22 – സിൽവാംപതി റോഡ് മെറ്റലിങ്ങ്, ടാറിംഗ്<br>അടങ്കൽ - 449435 (മെയ്റ്റനൻസ് )<br>കരാറുകാരൻ - ശ്രീ. ആർ. ബോസ്<br>എഗ്രിമെന്റ് നം.:/22-09-2020<br>അളവു പുസ്തകം - 113/19-20 | ബിൽ നം. 17/14-12-2021<br>ചെലവ്: - 443443/- | SS1 – 431.92 Kg<br>RS1 – 208.59 Kg<br>VG30 – 1834.52 Kg | 14 X 250 = 3500/- |
| 3 | So122/22 – വേമ്പ്ര റോഡ് റീടാറിംഗ്, പാർശ്വഭിത്തി നിർമ്മാണം<br>അടങ്കൽ - 600000 (മെയ്റ്റനൻസ് ) 599619/-<br>കരാറുകാരൻ - ശ്രീ. ഷൺമുഖൻ<br>എഗ്രിമെന്റ് നം.:11/11-09-2020<br>അളവു പുസ്തകം - 117/19-20 | ബിൽ നം. 21/17-12-2021<br>ചെലവ്: - 194286/- | RS1 – 304.42kg<br>VG30 – 3465.13 Kg | 23 X 250 = 5750/- |

| | |
|---|---|
| | ആകെ ബാരൽ വില – 12000 + 2160 GST |

ബാരലിന്റെ വിലയായ ₹12000, GST ₹2160 കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബാരലുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതുമാണ്.

തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 09.01.2023 മുതൽ 16.01.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ചിറ്റൂർ | 2021-22 | 1625740 | 61/22-സമൃദ്ധി-നെൽകൃഷി കൂലിച്ചെലവ് | 1625740 | 0 |
| | 2021-22 | 197503 | 69/22- പെയിൻ & പാലിയേറ്റീവ് | 197503 | 0 |
| | 2021-22 | 300000 | 113/22-ലൈഫ് മിഷൻ (എസ്.സി) | 300000 | 0 |
| | 2021-22 | 725306 | 143/22- ടേക്ക് എ ബ്രേക്ക് – പൊതു ശുചിമുറികളുടെ നിർമ്മാണം | 725306 | 0 |
| | 2018-19 | 854562 | മാലിന്യ സംസ്കരണ പ്ലാന്റ് | 0 | 854562 |
| | 2019-20 | 2528 | പാലിയേറ്റീവ് കെയർ | 0 | 2528 |
| | 2019-20 | 95000 | ലൈഫ് ഭവനം SO 142/21 | 0 | 95000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2021-22 | 3636300 | 61/22-സമൃദ്ധി-നെൽകൃഷി കൂലിച്ചെലവ് | 3636300 | 0 |
| | 2021-22 | 175000 | 7/22-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 | 0 |
| | 2021-22 | 600600 | 70/22-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600600 | 0 |
| | 2019-20 | 172604 | ലൈഫ് മിഷൻ-28/21 | 0 | 172604 |

## 4-3 ഡെപ്പോസിറ്റ് പ്രവർത്തികൾ

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ഏജൻസി |
|---|---|---|---|---|
| 1. | 216/22-വിവധ SC കോളനികൾക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 452667(SCP) | 439849/-<br>1)ബിൽ നം 37/21.3.2022-277208/-രൂപ<br>2)ബിൽ നം 44/27.3.2022-162641/-രൂപ | 1a). KSEB തത്തമംഗലം സെക്ഷൻ-206880 /-രൂപ<br>1b). KSEBചിറ്റൂർ സെക്ഷൻ-70328<br>2a)KSEB തത്തമംഗലം സെക്ഷൻ-37250/-രൂപ<br>2b)KSEB വണ്ടിത്താവളം സെക്ഷൻ-125391/-രൂപ |
| 2 | 217/22- ST കോളനികളിലേക്ക് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 550000 (TSP) | ബിൽ നം 38/21.3.2022<br>542556/- രൂപ | KSEB -വണ്ടിത്താവളം സെക്ഷൻ |
| 3 | 212/22-പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകൽ | 112000 തനത് ഫണ്ട് | 110000<br>TSB ചെക്ക് നം 5143421/21.1.22 | കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പി.എച്ച് ഡിവിഷൻ , പാലക്കാട് |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ്പാ -വായ്പ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ | KURDFC/A2 /6026/2018/ 5.9.2018 | .. | 43038895 | 3828000 | --- | 39210895 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25453/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-10 | 3000 | രമേഷ് കുമാർ, ആംബുലൻസ് ഡ്രൈവർ | 121040100498/28.06.21 |
| 1999-00 | 2-3 | 180 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 121040103096/22.12.21 |
| 1999-00 | 2-5 | 49 | രുഗ്മിണി, D/oകല്ല്യാണി | 121040103102/22.12.21 |
| 2005-06 | 2-1 | 600 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 121040103104/22.12.21 |
| 2007-08 | 2-1 | 244 | പ്രിൻസിപ്പൽ, ഹയർ സെക്കണ്ടറി സ്കൂൾ | 121040103112/23.12.21 |
| 2007-08 | 2-4 | 330 | നാരായണൻ, S/oമാധവൻ | 121040103114/23.12.21 |
| 2015-16<br>2017-18 | 1-2<br>1-2 | 2400 | ജയ് ലാന | 121040103188/29.12.21 |
| 2015-16<br>2016-17 | | 3840 | ശ്രീനാരായണ സോമിൽ | 121040103201/30.12.21 |
| 2015-16 | | 2640 | കല്യാൺ ജ്വല്ലേഴ്സ് | 121040103444/18.01.22 |
| 2015-16 | | 2440 | ടി | 121040103445/18.01.22 |
| 2017-18 | | 2930 | ടി | 121040103446/18.01.22 |
| 2017-18 | | 1200 | ശ്രീ വിഘ്നേശ്വര | 121040103839/16.02.22 |

| | | | | |
|---|---|---|---|---|
| | | | ഫ്യൂവൽ | |
| 2017-18 | | 1200 | ടി | 121040103840/16.02.22 |
| 2017-18 | 2-1 | 1500 | മണികണ്ഠൻ | 121040104411/18.03.22 |
| 2010-11 | 3-1 | 2800 | ഭരണസമിതിയംഗങ്ങൾ | 121040104519/23.03.22 |
| 2010-11 | 3-1 | 100 | ടി | 121040104521/23.03.22 |
| | ആകെ | 25453/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-4 | 2010-11 | 2-14 | കെ.എസ്.ഇ.ബി. വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | സമിതി സിറ്റിംഗ് കഴിഞ്ഞിട്ടില്ല |
| 2000-01 | 3-8 | 2005-06 | 59.1 | ഖാദി സമുച്ചയം അപൂർണ്ണം | സമിതി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |

## 4-9 ചാർജ്, സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 25663134 |
| ഓഡിറ്റ് വർഷത്തെ വരവ് | 118146973 |
| ആകെ | 143810107 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 108837780 |
| നീക്കിയിരിപ്പ് | 34972327 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ | 12000/- |

| | |
|---|---|
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടം | | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | – | 12000 | ശ്രീമതി രമാദേവി. ആർ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-23 | 63858 | ശ്രീമതി രമാദേവി. ആർ, അസി.എഞ്ചിനീയർ |
| 1-24 | 3500 | ടി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടം |
|---|---|
| 1-21 | 2160 |
| 1-22 | 20261 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-11, 1-12

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രമാദേവി. ആർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | കുഴൽമന്ദം, കളപ്പെട്ടി പി.ഒ, സൗപർണിക, പറച്ചിരിക്കാട്, പാലക്കാട് – 678702 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ | തീർപ്പാക്കാൻ |
|---|---|---|

| വർഷം | നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSAD-PKD.11/822 /2018/06.09.2018 – അദാലത്ത് | 4 |
| 1997-98 (വരവ്) | | 0 |
| 1997-98 (ചെലവ്) | | 15 |
| 1998-99 (വരവ്) | | 2 |
| 1998-99 (ചെലവ്) | | 12 |
| 1999-2000 | | 15 |
| 2000-01 | | 9 |
| 2001-02 | | 10 |
| 2002-03 | | 7 |
| 2003-04 | | 9 |
| 2004-05 | | 5 |
| 2005-06 | | 12 |
| 2006-07 | | 5 |
| 2007-08 | LFP11/1077 /15/3.8.15 | 10 |
| 2008-09 | LFP11/95 /14/17.9.2015 | 11 |
| 2009-10 | LFP11/92/15/5.6.17 | 13 |
| 2010-11 | LFP11/1155 /2014/11.3.13 | 19 |
| 2011-12 | KSA-PKD-11/18105 /17/22.3.17 | 14 |
| 2012-13 | KSA-PKD11/616 /15/17.9.15 | 14 |
| 2013-14 &2014-15 | KSA-PKD11/1567 /18/31.8.18 | 19 |
| 2015-16 | KSA.PKD.11-191/2017 /3.10.17 | 19 |
| 2016-17 | KSA.PKD.11/1322 /17/19.1.2018 | 21 |

| | | |
|---|---|---|
| 2017-18 | KSA.PKD-11-9/2019 /29.01.2019 | 31 |
| 2018-19 | KSA.PKD-11-550/20 /07.07.20 | 27 |
| 2019-20 | KSA.PKD-11-1536/2021 /20.12.21 | 12 |
| 2020-21 | KSA.PKD-11-770/2022/19.11.22 | 7 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3

വാർഷിക ധനകാര്യ പത്രിക

| Perumatty Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4971239.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 110400.00 |
| 140000000 | Fee & User Charges | I-4(b) | 1335994.00 |
| 150000000 | Sale & Hire Charges | I-5(b) | 234952.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 218475172.00 |
| 171000000 | Interest Earned | I-8 | 722085.00 |
| 180000000 | Other Income | I-9 | 50125.00 |
| | Total Income | | 225899967.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13579281.00 |
| 220000000 | Administrative Expenses | I-11(b) | 1305727.00 |
| 230000000 | Operations & Maintenance | I-12(b) | 3121375.00 |
| 240000000 | Interest & Finance Charges | I-13 | 573.00 |
| 250000000 | Decentralised Plan Programme- | I-14 | 16824708.00 |

| | | | |
|---|---|---|---|
| | Productive Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 83680569.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3187207.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 424066.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 75866880.00 |
| 255000000 | Maintenance Projects | I-14(e) | 17608802.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 89850.00 |
| | Total Expenditure | | 215689038.00 |
| | Gross Surplus/ Deficit of income over Expenditure | | 10210929.00 |
| 280000000 | Prior Period Item | I-18 | 34242.00 |

| | | | |
|---|---|---|---|
| | Gross Surplus/Deficit of Income over Expenditure after prior period items. | | 10176687.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Perumatty Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25663134.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1631490.00 |
| 140000000 | Fees & User Charges | RP-4 | 1187594.00 |
| 150000000 | Sale & Hire Charges | RP-5 | 234952.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 82483231.00 |
| 171000000 | Interest Earned | RP-9 | 722085.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 25292333.00 |
| 350000000 | Other Liabilities | RP-36 | 1616077.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 590.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 50125.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 35362.00 |
| 350000000 | Other Liabilities | RP-36 | 397664.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3624278.00 |
| 460000000 | Loans, Advances and Deposits | RP-47 | 871192.00 |
| | Grand total | | 143810107.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3664368.00 |
| 220000000 | Administrative Expenses | RP-12 | 1090213.00 |
| 230000000 | Operations & Maintenance | RP-13 | 3101757.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 16796700.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 21571505.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2401629.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 424066.00 |
| 254000000 | Expenditures of Transferred institutions and | RP-19 | 1616580.00 |

| | | | |
|---|---|---|---|
| | State Sponsored Schemes | | |

| Perumatty Grama Panchayat BALANCE SHEET | | | |
|---|---|---|---|
| Period - As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 52896967.35 |
| 312000000 | Reserves | B-3 | 121190119.00 |
| | Total Reserve & Surplus | | 174087086.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12091777.00 |
| | Total Grants, Contributions for Specific Purposes | | 12091777.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 39210895.00 |
| | Total Loans | | 39210895.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 338085.00 |
| 350000000 | Other Liabilities | B-9 | 3090466.65 |
| | Total Current Liabilities and Provisions | | 3428551.65 |
| | TOTAL LIABILITIES | | 228818310.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 153190239.00 |
| 411000000 | Accumulated Depreciation | B-11 | -8764067.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 6540128.00 |
| | Total Fixed Assets | | 150966300.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1000.00 |
| | Total Investments | | 1000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1067522.00 |
| 440000000 | Pre-paid Expenses | B-16 | 38630895.00 |
| 450000000 | Cash and Bank Balance | B-17 | 34972327.00 |
| 460000000 | Loans, Advances and Deposits | B-18 | 3180266.00 |
| | Total Current Assets, Loans and Advances | | 77851010.00 |

ഡെപ്യൂട്ടി ഡയറക്ടർ